ജി(2)35057/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 7.12.2011

Email: keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in

## സർക്കുലർ നമ്പർ 85/2011

വിഷയം: കൊല്ലം കോർപ്പറേഷൻ - കൊല്ലം ഫെസ്റ്റ് 2011 - സഹകരണ സംഘങ്ങളിൽ നിന്നും ധനസഹായം നൽകുന്നത് - സംബന്ധിച്ച്

സൂചന: ബഹു.സഹകരണ വകുപ്പ് മന്ത്രിക്ക് ആരാദ്ധ്യ കൊല്ലം മേയർ സമർപ്പിച്ച 4.8.2011 ലെ നിവേദനം

കൊല്ലം കോർപ്പറേഷൻ, ജില്ലാ ഭരണകൂടം തുടങ്ങിയവയുടെ നേതൃത്വത്തിൽ 2011 ഡിസംബർ 1 മുതൽ 31 വരെ കൊല്ലം ആശ്രാമം മൈതാനിയിൽ ഒരു മാസം നീണ്ടു നിൽക്കുന്ന കലാ, സാംസ്കാരിക പ്രദർശനങ്ങളും, ഫിലിം ഫെസ്റ്റിവൽ, സെമിനാറുകൾ, മറ്റ് വാണിജ്യ, വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ എന്നിവ "കൊല്ലം ഫെസ്റ്റ് 2011" എന്ന പേരിൽ സംഘടിപ്പിക്കുന്നുണ്ടെന്നും ആയത് കൊല്ലം ജില്ലയുടെ വിനോദ സഞ്ചാര മേഖലയ്ക്കും നിക്ഷേപ സംരംഭങ്ങൾക്കും കൂടുതൽ ആകർഷകമാക്കുമെന്നും ആയതിനാൽ ഈ പരിപാടിയുടെ വിജയത്തിന് സഹകരണ സംഘങ്ങളുടെ സഹായവും സൂചന പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 56 (2) (ഡി) പ്രകാരം സൃഷ്ടിച്ചിട്ടുള്ള പൊതു നന്മാ ഫണ്ടിൽ നിന്നു മാത്രം "കൊല്ലം ഫെസ്റ്റ് 2011" എന്ന പരിപാടിയിലേക്ക് സംഭാവന ചെയ്യുവാൻ ഇതിനാൽ അനുവാദം നൽകുന്നു. ടി വിവരം കൊല്ലം

ജോയിന്റ് രജിസ്ട്രാർ (ജനറൽ) ജില്ലയിലെ എല്ലാ സഹകരണ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.

ഒപ്പ്
ഡോ.എസ്.രവീന്ദ്രൻ ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലം
2. കൊല്ലം ജില്ലയിലെ എല്ലാ സഹകരണ സംഘങ്ങൾക്കും /സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
3. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
4. ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്, കൊല്ലം
5. ജോയിന്റ് ഡയറക്ടർ ആഡിറ്റ് (കൊല്ലം)
6. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
7. എഡിറ്റർ (സഹകരണ വീഥി)
8. വെബ്സൈറ്റ്
9. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)

എം.വി